| | |
|---|---|
| Edition | Trivandrum |
| Date | 16th September, 2022 |
| Page No. | 04 |



സംരംഭകത്വ പ്രോത്സാഹനം

# സർക്കാറും ഇ ഡി ഐ ഐയും കൈകോർക്കുന്നു

തിരുവനന്തപുരം | സംസ്ഥാനത്ത് സംരംഭങ്ങളേയും സംരംഭകരേയും പരിപോഷിപ്പിക്കുന്നതിനും തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിനും സംസ്ഥാന സർക്കാറുമായി എന്റർപ്രണർഷിപ്പ് ഡെവലപ്മെന്റ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഇന്ത്യ കൈകോർക്കുന്നു.

കുടുംബശ്രീ, സ്റ്റാർട്ടപ് മിഷൻ, യുവജനക്ഷേമ ബോർഡ് എന്നിവക്കൊപ്പം പ്രവർത്തിച്ചുവന്നിരുന്ന ഇ ഡി ഐ ഐ ഇനി വ്യവസായ വകുപ്പുമായും കെഡിസ്കുമായും വിവിധ കോർപ്പറേറ്റുകളുമായും ചേർന്ന് സംസ്ഥാനത്തെ സംരംഭകത്വ ആവാസവ്യവസ്ഥയുടെ വളർച്ചക്കായി പ്രവർത്തിക്കും.

സംസ്ഥാനത്ത് സംരംഭകത്വം പ്രോത്സാഹിപ്പിക്കുന്നതിന്റെ ഭാഗമായി വ്യവസായ വകുപ്പിനു കീഴിൽ ഫീൽഡ്തല ഓഫീസർമാർക്ക് പരിശീലനം നൽകിവരുന്നത് ഇ ഡി ഐ ഐയാണ്. ഒരു ലക്ഷം സംരംഭങ്ങളെന്ന ലക്ഷ്യം സുഗമമാക്കുന്നതിന് 60 റിസോഴ്സ് പേഴ്സൻമാരുടെ കേഡറിനും പരിശീലനം നൽകും. ഇന്ത്യയിലുടനീളം 300ലധികം ക്ലസ്റ്ററുകൾ നടപ്പാക്കിയതിന്റെ അനുഭവപരിചയമുള്ള ഇ ഡി ഐ ഐ ക്ലസ്റ്ററുകളുടെ സമ്പൂർണ പുനരുജ്ജീവനത്തിന് സഹായം നൽകുന്ന പ്രൊഫഷനൽ ടെക്നിക്കൽ ഏജൻസിയായിരിക്കും.

കേരളത്തിൽ ഏകദേശം 650 ബിസിനസ്സുകൾ സൃഷ്ടിക്കുന്നതിനായി മൈക്രോ സ്കിൽപ്രണർഷിപ്പ് പ്രോഗ്രാമുകൾ നടത്താൻ പ്രമുഖ സ്ഥാപനങ്ങളുമായും ഇൻസ്റ്റിറ്റ്യൂട്ട് കൈകോർക്കുന്നുണ്ട്. ഇതിൽ 60 ശതമാനവും സാങ്കേതികവിദ്യയിലധിഷ്ഠിതമായി സ്ത്രീകൾ നയിക്കുന്ന ഹരിത ബിസിനസ്സുകളാണ്. കൂടുതൽ സ്ത്രീകൾക്ക് സംരംഭകത്വത്തിലേക്ക് ചുവടുവെക്കാൻ പ്രചോദനം നൽകുന്ന പരിപാടിയാണിത്. കോർപ്പറേറ്റുകളുടെ പിന്തുണയോടെ ഇ ഡി ഐ ഐ ആരംഭിച്ച ഇൻസ്റ്റിറ്റ്യൂട്ടഡ് മൈക്രോവുമൺ എന്റർപ്രൈസസ് പരിപാടിയിൽ 500ലധികം വനിതാ സംരംഭകർ ചേരുകയും ബിസിനസ്സ് പ്രമോഷൻ സേവനങ്ങൾ പ്രയോജനപ്പെടുത്തുകയും ചെയ്യുന്നുണ്ടെന്നും ഇ ഡി ഐ ഐ അധികൃതർ വാർത്താസമ്മേളനത്തിൽ പറഞ്ഞു.